**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2787** **12-07-2022 - ൽ മറുപടിയ്ക്ക്**

**ആദിവാസികളെ കുടിയിറക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഐ .സി .ബാലകൃഷ്ണൻ | | ശ്രീ . എ . കെ . ശശീന്ദ്രൻ<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | ആദിവാസികളെ വനത്തിൽനിന്ന് കുടിയിറക്കുന്നതിന് ആവിഷ്കരിച്ച പദ്ധതി വയനാട്ടിൽ നടപ്പാക്കിയത് പരാജയപ്പെട്ടുവെന്നുള്ള അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അക്കൗണ്ടന്റ് ജനറൽ ചൂണ്ടിക്കാണിച്ച ക്രമക്കേടുകൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ; | (എ) | ആദിവാസികളെ വനത്തിൽ നിന്നും കുടിയിറക്കുന്ന പദ്ധതിയൊന്നും വയനാട്ടിൽ നടപ്പിലാക്കിയിട്ടില്ല. എന്നാൽ മനുഷ്യ-വന്യജീവി സംഘർഷം കൂടിയ മേഖലകളിൽ സ്വയം സന്നദ്ധ പുരനധിവാസം നടപ്പിലാക്കി വരുന്നു.<br><br>സ്വയം സന്നദ്ധ പുനരധിവാസ പദ്ധതി പരാജയപ്പെട്ടുവെന്ന് അക്കൗണ്ടന്റ് ജനറലിന്റെ റിപ്പോർട്ടിൽ പരാമർശിച്ചിട്ടില്ല. എന്നാൽ ടി പദ്ധതി സംയബന്ധിതമായി പൂർത്തിയാക്കാൻ കഴിയാത്തത് സംബന്ധിച്ച് എ.ജി. റിപ്പോർട്ടിൽ പരാമർശിച്ചിട്ടുണ്ട്. ടി സാഹചര്യത്തിൽ പ്രസ്തുത പദ്ധതി വേഗത്തിൽ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു |
| (ബി) | വനംവകുപ്പിന്റെ കണക്ക് പ്രകാരം വനത്തിനുള്ളിലുള്ള ആദിവാസി ഊരുകളുടെ എണ്ണം ജില്ലാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ? | (ബി) | വിവരം അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ജില്ല | | ആദിവാസി ഊരുകളുടെ എണ്ണം |
|---|---|---|
| 1. തിരുവനന്തപുരം | : | 130 |
| 2. കൊല്ലം | : | 23 |
| 3. പത്തനംതിട്ട | : | 25 |
| 4. കോട്ടയം | : | 15 |
| 5. ഇടുക്കി | : | 157 |
| 6. എറണാകുളം | : | 12 |
| 7. തൃശ്ശൂർ | : | 28 |
| 8. പാലക്കാട് | : | 54 |
| 9. മലപ്പുറം | : | 31 |
| 10. വയനാട് | : | 169 |
| 11. കണ്ണൂർ | : | 79 |
| ആകെ | | 723 |